"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എറണാകുളം ജില്ല- കോതമംഗലം മുൻസിപ്പാലിറ്റി - 7 റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ദുരന്ത നിവാരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.17/2026/DMD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. 15.03.2025 ലെ സ. ഉ. (സാധാ) നം. 127/2025/ഡി.എം.ഡി.

2. എറണാകുളം ജില്ലാ കളക്ടറുടെ 06.12.2025 ലെ LSGD/JD/EKM/5865/2025-F1 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ കോതമംഗലം മുൻസിപ്പാലിറ്റിയിൽ ചുവടെ കൊടുത്തിട്ടുള്ള 7 റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | മുൻസിപ്പാലിറ്റി | ഭരണാനുമതി തുക |
|---|---|---|---|
| 1 | പൗരസമിതി പൊട്ടൻമുടി റോഡ് | കോതമംഗലം | 8 ലക്ഷം |
| 2 | കള്ളാട് ചാപ്പൽ അയ്യപ്പൻമുടി റോഡ് | കോതമംഗലം | 8 ലക്ഷം |
| 3 | കള്ളാട് പമ്പ് ഹൗസ് റോഡ് | കോതമംഗലം | 8 ലക്ഷം |
| 4 | പാറായിത്തോട്ടം വലിയപാറ റോഡ് | കോതമംഗലം | 10 ലക്ഷം |
| 5 | ഇരുട്ട്കാവ് അമ്പലം റോഡ് | കോതമംഗലം | 10 ലക്ഷം |
| 6 | എരപ്പിങ്കൽ റോഡ് | കോതമംഗലം | 10 ലക്ഷം |
| 7 | അമ്പലപ്പറമ്പ് വലിയപാറ റോഡ് | കോതമംഗലം | 10ലക്ഷം |

എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതിക അനുമതിയും കൗൺസിൽ അംഗീകാരവും ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി റോഡ് പ്രവൃത്തിയുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് ഭരണാനുമതി നൽകിയിരുന്ന എറണാകുളം ജില്ലയിലെ കോതമംഗലം മുൻസിപ്പാലിറ്റിയിൽ 7 റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ, ഇനി ദീർഘിപ്പിച്ച് നൽകുകയില്ല എന്ന

വ്യവസ്ഥയിൽ കരാർ കാലാവധി ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.DMB3/204/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 06-01-2026 10:19:30
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്